# കോവിഡ് 19 – കാലഘട്ടത്തിൽ തട്ടിപ്പുകാരെ സൂക്ഷിക്കുക

## പൊതുജനങ്ങൾ തട്ടിപ്പുകാർക്ക് ഇരയാകാതെ സൂക്ഷിക്കുവാനുള്ള ചില നിർദ്ദേശങ്ങൾ:

കൊറോണാ വൈറസ് പരത്തുന്ന കോവിഡ്–19 എന്ന രോഗത്തെ ഔദ്യോഗികമായി ലോക മാരക വ്യാധിയായി പ്രഖ്യാപിച്ചിരിക്കുന്ന ഈ സാഹചര്യത്തിൽ കുറ്റവാളികൾ ഈ അവസരം മുതലാക്കു കയും ദുർബലരായവരെ തട്ടിപ്പിന് ഇരയാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു.

2020 മാർച്ചിൽ ഏകദേശം നാനൂറ് ഇരട്ടി തട്ടിപ്പുകൾ നടന്നതായി UK–യിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. UKയിലെ പോലീസും മറ്റ് അധികാരികളും ഇത്തരം തട്ടിപ്പിനെതിരെ ജാഗരൂകരായിരിപ്പാൻ വേണ്ട നിർദ്ദേശങ്ങളും അറിവുകളും പൊതുജനങ്ങൾക്കായി പങ്കുവെക്കുന്നു.

### UKയിലെ Crown Prosecution –ന്റെ നിർദ്ദേശങ്ങൾ താഴെപ്പറയുന്നു

### അരുത്

നിങ്ങളുടെ പണവും വിവരങ്ങളും മറ്റുള്ളവരുമായി പങ്കുവെക്കുന്നതിന് മുമ്പ് ഒരു നിമിഷം ചിന്തിക്കുക

ചിന്തിക്കുക (കരുതൽ എടുക്കുക)

ഇത് തട്ടിപ്പണോ എന്നും ഈ ആവശ്യം നിരസിക്കണോ എന്നും ആലോചിക്കുക

തട്ടിപ്പുകാർ നിങ്ങളെ ധൃതി പിടിപ്പിക്കുകയും പരിഭ്രാന്തിയിൽ ആക്കുകയും ചെയ്യും

തട്ടിപ്പിന് ഇരയായാൽ ചെയ്യേണ്ടവ:

അടിയന്തിരമായി നിങ്ങളുടെ ബാങ്കിനെ ബന്ധപ്പെടുകയും അതോടൊപ്പം പോലീസിനെ അറിയിക്കുകയും ചെയ്യുക

UKലെ നിയമ സംവിധാനങ്ങൾ ഇത്തരം തട്ടിപ്പുകൾക്ക് എതിരായി പ്രവർത്തിച്ചു കൊണ്ടിരി ക്കുന്നു
തട്ടിപ്പുകാർ പല വഴിയിലൂടെ തട്ടിപ്പുകൾ നടത്തുവാൻ ശ്രമിക്കുന്നു, അതിന് എതിരെ ജാഗരൂകരായി രി ക്കണം

താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കുക

1). വൈറസ് ടെസ്റ്റുകൾ NHS–ൽ മാത്രമെ നടത്താറുള്ളൂ

2). UKൽ കോവിഡ്–19ന് ഇതുവരെയും മരുന്നുകൾ ഉപയോഗിക്കുവാൻ തുടങ്ങിയിട്ടില്ല.

3). വ്യാജ Anti bacterial gel കളും മാസ്കുകളും അമിത വിലയ്ക്ക് വിൽക്കുന്നു.

4). പ്രായമായവരെയും ദുർബ്ബലരായവരെയും കബളിപ്പിക്കുവാൻ വീട്ടുസാധനങ്ങൾ വാങ്ങി തരാമെന്നും മരുന്നുകൾ ഫാർമസിയിൽ നിന്നും വാങ്ങി തരാമെന്നും പറഞ്ഞ് വാതിലിൽ മുട്ടു കയും മോഷണത്തിന് ശ്രമിക്കുകയും ചെയ്യുന്നു.

5). വൈറസ് ബാധ തടയുവാനായി വീട് വൃത്തിയാക്കി തരാം എന്ന വാഗ്ദാനവുമായി തട്ടി പ്പുകാർ രംഗത്തുണ്ട്.

6). ഇന്റർനെറ്റിലൂടെ നിങ്ങളുടെ വ്യക്തിപരവും സാമ്പത്തീകവുമായ വിവരങ്ങൾ തട്ടി യെടുക്കുവാനുള്ള ശ്രമങ്ങൾ നടത്തുകയും അതിനായി ചില സന്ദേശങ്ങൾ നിങ്ങ ളുടെ കമ്പ്യൂട്ടറിലേക്കോ മൊബൈൽ ഫോണിലേക്കോ email ആയോ message ആയോ അയയ്ക്കും.

UK-se Action Fraud-Dw Police-Dw താഴെപ്പറയുന്ന email ലുകൾ തട്ടിപ്പാണെന്ന് അറിയിക്കുന്നു.

1). World Health Organisation–ന്റെയും Disease control and prevention-–ന്റെയും പേരിൽ ആണെന്നുള്ള വ്യാജേന നിങ്ങളുടെ സമീപ പ്രദേശങ്ങളിൽ ഉള്ള കോവിഡ് ബാധിതരുടെ വിവരങ്ങൾ അടങ്ങിയ email ലുകൾ ലഭിക്കുവാൻ സാധ്യതയുണ്ട്.

2). വ്യാജ Websiteകളിൽ നിന്നും കോറോണാ വൈറസ് വ്യാപനത്തെ സംബന്ധിച്ച ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങൾ കൂടുതൽ വിവരങ്ങൾക്കായി ആ Website–ൽ ക്ലിക്ക് ചെയ്യുവാൻ ആവശ്യപ്പെടുകയും അതിലൂടെ തട്ടിപ്പിന് ഇരയാക്കുവാൻ ശ്രമിക്കുന്നു.

3). കോറോണാ വൈറസ് മൂലമുണ്ടായ സാമ്പത്തിക മാന്ദ്യത്തിൽ ആകർഷകമായ നിക്ഷേപ പദ്ധതികളെപ്പറ്റിയും പുതിയ വ്യാപാര നിർദ്ദേശങ്ങൾ നൽകിയും തട്ടിപ്പിന് ശ്രമിക്കുന്നു.

4). HMRC–ൽ നിന്നും tax return നൽകുന്നു എന്ന വ്യാജേനയുള്ള email കളിലൂടെ വ്യക്തിപരവും സാമ്പത്തികവുമായ വിവരങ്ങൾ ശേഖരിക്കുവാൻ വ്യാജ Website കൾ നടത്തുന്നു. മേൽപ്പറഞ്ഞ ഏതെങ്കിലും തരത്തിൽ ഉള്ള തട്ടിപ്പിന് താങ്കളോ, താങ്കളുടെ അറിവിലുള്ളവരോ ഇരയായാൽ ഉടൻതന്നെ പോലീസിനെ അറിയിക്കുക.online@www.actionfraud.police.uk

അല്ലെങ്കിൽ താഴെപ്പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

Phone: 03001232040

തട്ടിപ്പുകളെ തിരിച്ചറിയുവാനും അതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കുമായി താഴെപ്പറയുന്ന Website–ൽ ബന്ധപ്പെടുക

www.citizensadvice.org.uk/consumer/scams/check-if-something-might-be-a-scam/.

മലയാള പരിഭാഷ
Adv. Jacob Abraham (NRPSI member- 17086)
Language- Malayalam